DESPATCHED
On. 30/11/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1520*(2)/2020*/*എസ്.ഐ.സി*.**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **13257**/*എസ്.ഐ.സി-ജി 6/2020*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ബീന ഗോപി,
മയൂഖ,
കൊയിലി ഹോസ്പിറ്റലിന് സമീപം,
കണ്ണൂർ – 670 004.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജോയിന്റ് രജിസ്ട്രാർ II(Exams), കണ്ണൂർ സർവ്വകലാശാല, തവക്കര, സിവിൽ സ്റ്റേഷൻ (പി.ഒ), കണ്ണൂർ – 670 002.
2. അപ്പീൽ അധികാരി & പരീക്ഷാ കൺട്രോളർ, (പരീക്ഷാ വിഭാഗം) കണ്ണൂർ സർവ്വകലാശാല, കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25/08/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28/10/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17/11/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20/11/2020 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 28/10/2021<br>ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരി<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ബീന ഗോപി 17/11/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 20/11/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1520(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരി 25/08/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01/10/2020-ന് മറുപടി നൽകിയിട്ടുണ്ട്.

4. ഹർജിക്കാരി 07/10/2020-ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 28/10/2020-നും മറുപടി നൽകിയിട്ടുണ്ട്.

5. 08/01/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, സുഷിന കെ.വി എന്ന വിദ്യാർത്ഥിനിക്ക് കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഇവ അനുവദിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിലാണ് ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയതെന്നും ഇതിൽ ചോദ്യം നമ്പർ 9, 12, 14 എന്നിവയ്ക്ക് നൽകിയ മറുപടിയെയാണ് ടിയാൾ ചോദ്യം ചെയ്തിരിക്കുന്നതെന്നും, ചോദ്യം നമ്പർ 9-ൽ 'When was the enquiry conducted' എന്നാണ് Enquiry committee-യിലെ അംഗങ്ങൾ ആരൊക്കെ എന്നതിന് വ്യക്തമായ മറുപടി നൽകിയപ്പോൾ, ടി ചോദ്യത്തിനും നിർദ്ദിഷ്ട മറുപടി ഉണ്ടാകേണ്ടതാണ് എന്നാണ് ടിയാൾ അവകാശപ്പെടുന്നതെന്നും, എന്നാൽ അന്വേഷണ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിൽ അന്വേഷണം നടത്തേണ്ട കാലാവധിയെക്കുറിച്ച് പറയുന്നില്ലെന്നും മാത്രവുമല്ല അന്വേഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങൾ, അവയുടെ കാലക്രമത്തിൽ, മറ്റൊരു ചോദ്യത്തിന് മറുപടിയായി വ്യക്തമാക്കിയിട്ടുണ്ടെന്നുമാണ്.

ചോദ്യം നമ്പർ 12 'Has the issue been solved?' If yes how? എന്നാണെന്നും 'Issue' ഏതാണെന്നതിലും, ഏതാണെങ്കിലും പരിഹരിക്കപ്പെട്ടോ എന്നതിലും വ്യക്തമായ മറുപടി നൽകാൻ നിലവിൽ സാധിക്കില്ലെന്നും പരീക്ഷാഭവന് നൽകാൻ പറ്റുന്ന മറുപടി അപ്പീലിൽ

വ്യക്തമാക്കിയിട്ടുണ്ടെന്നും, ചോദ്യം നമ്പർ 14 Whether the candidate was registered only for six papers out of 7 of the above mentioned exam? ഈ ചോദ്യത്തിലും വ്യക്തതകുറവുണ്ടെന്നും, അപ്പീലിൽ ഇക്കാര്യത്തിൽ പരീക്ഷഭവന് പറയാനുള്ളത് വ്യക്തമാക്കിയിട്ടുണ്ടെന്നും, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും, ആദ്യ അപ്പീലിനും, ഹർജിക്കാരിക്ക് നൽകിയ മറുപടിയുടെയും, ഇതുവരെ അവർക്ക് അനുവദിച്ച രേഖകളുടെയും പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും, ഹർജിക്കാരി ഉന്നയിച്ച ശ്രീമതി. സുഷിന. കെ.വി എന്ന വിദ്യാർത്ഥിയുടെ പരീക്ഷാഫലവുമായി ബന്ധപ്പെട്ട ഫയലുകളിൽ പല തലത്തിലുള്ള നടപടിക്രമങ്ങൾ നടന്നിട്ടുള്ളതിനാൽ അവ വിവരിച്ചു എഴുതി നൽകുമ്പോൾ പല കാര്യങ്ങളിലും വ്യക്തതക്കുറവ് ഉണ്ടാകാനിടയുണ്ടെന്നും അതുകൊണ്ട് തന്നെ, ആവശ്യമെങ്കിൽ, മുൻകൂർ അനുമതി വാങ്ങിക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കാവുന്നതാണെന്ന് അപേക്ഷകയെ അപ്പീലിനു മറുപടിയായി അറിയിച്ചിട്ടുണ്ടെന്നും കൂടാതെ അപേക്ഷക ആരോപിച്ച വിധത്തിൽ സർവ്വകലാശാലയിലെ ശ്രീമതി. ബീന. പി എന്ന വനിത അസിസ്റ്റന്റ് രജിസ്ട്രാറുടെ പ്രതിച്ഛായ കളങ്കപ്പെടുത്തുന്ന രീതിയിൽ ഔദ്യോഗിക പത്രക്കുറിപ്പ് സർവ്വകലാശാല പുറത്തിറക്കിയിട്ടില്ല എന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ചില വിവരങ്ങൾ ഒന്നാം എതിർകക്ഷിയ്ക്ക് തന്നെ നൽകാമായിരുന്നുവെന്നതിനാൽ കമ്മീഷൻ ടിയാനെ ശക്തമായി താക്കീതു ചെയ്യുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 1-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV